**രാഷ്ട്ര ശില്പികളുടെ പ്രതിമകൾ സ്ഥാപിക്കാൻ നടപടി**

4 (745) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്ര പിതാവിന്റെയും ജവഹർലാൽ നെഹ്റുവിന്റെയും ഡോക്ടർ ബി. ആർ. അംബേദ്കറുടെയും പ്രതിമകൾ തിരുവനന്തപുരത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നത്തേക്ക് സ്ഥാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) ഡോക്ടർ അംബേദ്കറുടെ പ്രതിമാനിർമ്മാണത്തിനുവേണ്ടി രൂപം കൊടുത്തിട്ടുള്ള കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമെന്ന് അറിയിക്കാമോ ;

(ഡി) ഈ കമ്മിറ്റി യോഗം ചേർന്ന് തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ തീരുമാനങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ ;

(എഫ്) പ്രതിമാ നിർമ്മാണത്തിന് വിദഗ്ദ്ധ ശില്പികളുടെ പാനൽ അംഗീകരിച്ചിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ പാനലിൽ ആരെല്ലാമാണുള്ളതെന്ന് വ്യക്തമാക്കാമോ ;

(എച്ച്) ഈ ആവശ്യത്തിന് എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) രാഷ്ട്രപിതാവിന്റെയും ജവഹർലാൽ നെഹ്റുവിന്റെയും ഡോക്ടർ ബി. ആർ. അംബേദ്കറുടെയും പ്രതിമകൾ നിയമസഭാ സമുച്ചയത്തിനു മുന്നിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ ദ്രുതഗതിയിൽ നടപടികൾ കൈക്കൊണ്ടുവരുന്നു.

(സി-ജി) പ്രതിമാ നിർമ്മാണത്തിന് ഒരു ശില്പിയെ തെരഞ്ഞെടുക്കുന്നതിനു വേണ്ടി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും, പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഫൈൻ ആർട്സ് കോളേജ് പ്രിൻസിപ്പാൾ എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ ശുപാർശകൾ പരിഗണനയിലാണ്.

(എച്ച്) ആവശ്യാനുസരണം തുക അനുവദിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly